# ഗോൾഫ് ജൈവവൈവിദ്ധ്യങ്ങളുടെ വില്ലൻ

അനിത പ്ല്യൂമാറോം
പരിഭാഷ : മധു

ഗോൾഫ് ക്ലബ്ബുകൾ ചർച്ചയാകുകയാണ്. മണ്ണിനും ജലത്തിനും ഭക്ഷണത്തിനുമായി മനുഷ്യൻ പെടാപ്പാടു പെടുമ്പോൾ കേരളത്തിൽ സമ്പന്നരുടെ കളിയിടമായി ഗോൾഫുക്ലബുകൾക്ക് വേണ്ടി ഭരണാധികാരികളും നിയമ നീതിന്യായ വ്യവസ്ഥയും സമയം പാഴാക്കുകയാണ്. ജൈവവൈവിധ്യം കൊണ്ട് സമ്പന്നമായ സ്ഥലങ്ങൾ ഇതിനായി ദുരുപയോഗിക്കുന്നു. എന്താണ് ഗോൾഫ് ക്ലബുകൾക്കിത്ര പ്രാധാന്യം ലഭിക്കാൻ കാരണം? സാധാരണ മനുഷ്യർക്ക് ഇത് കൊണ്ട് എന്തുഗുണമാണ് കിട്ടുക? ഇവിടത്തെ ലക്ഷോപലക്ഷം അടിസ്ഥാനവർഗ വിഭാഗവും ഇത്തരത്തിലുള്ള ചോദ്യമാണ് ചോദിക്കുന്നുണ്ടാകുക. പൊതുജനത്തിന് ഉപകാരപ്രദമായ ജൈവവൈവിധ്യം പുലർത്തുന്ന ഒരിടം ഇത്തരത്തിൽ ഒരു ഗോൾഫ് ക്ലബിനായി ദുരുപയോഗിക്കേണ്ടതിന്റെ ആവശ്യമുണ്ടോ. ഗോൾഫ് ക്ലബുകളുടെ സാമൂഹിക വിരുദ്ധമായ പ്രവർത്തനങ്ങൾക്കെതിരെ 1993ൽ മലേഷ്യയിൽ ആന്റി ഗോൾഫ് മൂവ്മെന്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഗോൾഫ് കോഴ്സുകൾ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും ഈ സംഘടന സാധാരണ ജനങ്ങളെ ബോധ വൽക്കരിക്കാൻ ശ്രമിക്കുന്നു. റിസോർട്ടുകളടക്കമുള്ള ടൂറിസം രംഗത്തെ പുതിയ സംരംഭങ്ങൾ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്ങ്ങൾക്ക് ഒരു കണക്കുമില്ല.




വിവാദമായ തിരുവനന്തപുരം ഗോൾഫ് ക്ലബ്ബ്

നവലോകത്തിന്റെ ടൂറിസം പദ്ധതികൾ ഗ്രാമീണജനതയെയും ഭൂമിയുടെ ജൈവഗുണത്തിനെയും വനസമ്പത്തിനെയും നമ്മുടെ തീരപ്രദേശത്തിന്റെ ഗുണങ്ങളെയും ജൈവവൈവിധ്യത്തെയും തകർത്തുകളയുന്നു. മനുഷ്യന്റെ സാധാരണ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്ന തരത്തിൽ പരിസ്ഥിതിയെ മാററുന്നതിൽ ഇത്തരത്തിലുള്ള പദ്ധതികൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. നമ്മുടെ സർക്കാരുകൾ കരുതുന്നത് ഗോൾഫ് ക്ലബ്ബുകൾ പോലുള്ള സമ്പന്നരുടെ സംരംഭങ്ങൾ ഇവിടത്തെ നഗരങ്ങളുടെ മുഖം മാററും എന്നാണ്. അതോടൊപ്പം നിക്ഷേപകരെ ആകർഷിക്കാനും ടൂറിസവ്യവസായം വഴി കോടികൾ നാട്ടിലേക്കെത്തും എന്നാണ്. എന്നാൽ സത്യം അതല്ല. ഇവിടത്തെ മനുഷ്യജീവിതത്തിന് മുഴുവൻ അലോസരപ്പെടുത്തുന്ന തരത്തിലാണ് ഇവ വളരുന്നത്. ഇതിനെതിരെ ശക്തമായ പ്രവർത്തനങ്ങൾ അനിവാര്യമായിരിക്കുകയാണ്. ഭക്ഷ്യക്ഷാമത്തിനും കാർഷികമേഖലയുടെ തകർച്ചയ്ക്കും വഴിവെയ്ക്കുന്ന നിരവധി കാരണങ്ങളിലൊന്ന് ഇത്തരത്തിലുള്ള സംരംഭങ്ങളാണ്. നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് ഒരു പുനർവിചിന്തനം അനിവാര്യമായി വന്നിരിക്കുന്നു. കേരളത്തിലെ ഗോൾഫ് ക്ലബ്ബുകൾക്ക് കൂച്ചുവിലങ്ങിടാൻ സമയമായി. അതിന് സർക്കാരിന്റെ ഭാഗത്തുനിന്നും പ്രവർത്തനങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. സമീപ കാലത്ത് തിരുവനന്തപുരം ഗോൾഫ് ക്ലബ്ബിന്റെ വിഷയംതന്നെ കേരളീയരുടെ ചർച്ചകളിൽ നിറഞ്ഞുനിന്നിരുന്നു. നമ്മുടെ വായുവിനും ഭക്ഷണത്തിനും വിദ്യാഭ്യാസത്തിനും സ്വൈര ജീവിതത്തിനും തടസ്സമാകുന്ന ഇത്തരം ടൂറിസ്ററ് സംരംഭങ്ങൾ ഇനിയെങ്കിലും നിർത്തലാക്കേണ്ടിയിരിക്കുന്നു.

*ടൂറിസം ഇൻവെസ്ററ്മെന്റ് ആന്റ് മോണിററിംഗ് ടീം*
www.keralatourismwatch.org

## വായിക്കുമല്ലോ?

**കള്ള സന്യാസിമാരും കള്ള രാഷ്ട്രീയക്കാരും** – ആനന്ദ് (മാതൃഭൂമി ആഴ്ചപതിപ്പ് 2008 ജൂൺ 22)

**മരണവ്യാപാരികളും ഒരു വാടകസമരവും** – സുനിത നാരായണൻ (മാധ്യമം ആഴ്ചപതിപ്പ് 2008 ജൂൺ 23)

**താങ്കൾക്കുള്ള ശിക്ഷ?** – ചാരു നിവേദിത (മാതൃഭൂമി ആഴ്ചപതിപ്പ് 2008 ജൂൺ 22)